**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **01-09-2022 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തര രോഗങ്ങൾ സംബന്ധിച്ച അവലോകനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡാനന്തരം അസാധാരണമായി കാണപ്പെടുന്ന രോഗങ്ങൾ സംബന്ധിച്ച് പ്രത്യേകമായ അവലോകനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിനു കീഴിൽ കോവിഡാനന്തര രോഗങ്ങളുടെ പ്രതിവാര കണക്കുകൾ എല്ലാ ജില്ലകളിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചുവരുന്നു. ഈ കണക്കുകൾ കൃത്യമായ അവലോകനത്തിന് വിധേയമാക്കാറുണ്ട്. 1190 ക്ലിനിക്കുകളിൽ നിന്നായി 3,39,035 പേരെ പ്രാഥമികതലത്തിലും 1,25,281 പേരെ സെക്കണ്ടറിതലത്തിലും പരിശോധിച്ചിട്ടുണ്ട്. ഇതിൽ 15 ശതമാനത്തോളം പേർക്ക് ശ്വാസകോശരോഗ സംബന്ധമായ രോഗങ്ങൾക്കും, 5 ശതമാനത്തോളം പേർക്ക് പേശീരോഗങ്ങൾക്കായും, 1.98 ശതമാനം പേർക്ക് ഹൃദയസംബന്ധമായ രോഗങ്ങൾക്കും, 1.8 ശതമാനം പേർക്ക് നാഡീസംബന്ധമായ രോഗങ്ങൾക്കും, 1 ശതമാനം പേർക്ക് മാനസിക രോഗങ്ങൾക്കും, 8.2 ശതമാനം മറ്റ് രോഗങ്ങളുള്ളവർക്കും ചികിത്സ നൽകിയിട്ടുണ്ട്. 3,71,764 പേർക്ക് ടെലിമെഡിസിൻ സംവിധാനത്തിലൂടെ കോവിഡാനന്തര രോഗങ്ങൾക്കായി ചികിത്സ നൽകിയിട്ടുണ്ട്. |
| (ബി) | കോവിഡാനന്തരം ഹൃദയ പരിക്ഷീണിത രോഗം പ്രായം കുറഞ്ഞവരിൽ ഏറി വരുന്നതായും അത്തരം രോഗികളിൽ ഏഴിൽ ഒരാൾ 90 ദിവസത്തിനകം മരണപ്പെടുന്നതായും ചൂണ്ടിക്കാട്ടി ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഹൃദയ പരിക്ഷീണിത രോഗികളെ യഥാസമയം കണ്ടെത്തുന്നതിനും തുടർ ചികിത്സ നൽകുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇത് സംബന്ധിച്ച് | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ? | | |

സെക്ഷൻ ഓഫീസർ